# കെസിസിപി ലിമിറ്റഡ്

(ഒരു കേരള സർക്കാർ സ്ഥാപനം)

ക്ലേ ഹൗസ്,പാപ്പിനിശ്ശേരി, കണ്ണൂർ ജില്ല - 670561, കേരളം

Telephone – 0497-2787671 & 2789633 Fax – 0497-2787281

Website : www.kccpl.in E-mail : Keralaclays@gmail.com


KCCP/T.ADVT/ 781 /2021-22 07.08.2021

## വിതരണക്കാരെ ആവശ്യമുണ്ട്

സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെസിസിപി ലിമിറ്റഡ് (കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡ്) പുതുതായി വിപണിയിൽ ഇറക്കുന്ന സാനിറ്റൈസറുകൾ "ഡിയോൺ പ്ലസ്", "ഡിയോൺ ക്ലിയർ" എന്നിവയുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് കേരളത്തിലെ എല്ലാ ജില്ലകളിലും വിതരണക്കാരെ നിയമിക്കുന്നതിനായി, താൽപ്പര്യമുള്ള വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.

നിശ്ചിത അപേക്ഷാ ഫോറവും മറ്റ് വിശദ വിവരങ്ങളും കമ്പനിയുടെ www.kccpl.in എന്ന വെബ്സൈറ്റിൽ നിന്നും ഡൌൺലോഡ് ചെയ്യാവുന്നതാണ്. അപേക്ഷ ലഭിക്കേണ്ട അവസാന തീയ്യതി 24.08.2021 വൈകുന്നേരം 5 മണി.

ഒപ്പ്, മാനേജിങ് ഡയരക്ടർ

KCCP LIMITED
(A Govt.of Kerala Undertaking)
'CLAY HOUSE', Pappinisseri – 670 561, Kannur- Dt Kerala
Phone : 0497 2787671, Fax : 0497 2787281
E-mail: keralaclays@gmail.com/www.kccpl.in

---

Application Form for Distributorship –DION Plus and DION Clear Hand Sanitizer

FOR KANNUR DISTRICT :

| | |
|---|---|
| Taluk Applied for | |

FOR OTHER DISTRICTS:

| | | | |
|---|---|---|---|
| District Applied | | Area of Choice | |

| | | |
|---|---|---|
| 1. | Name of Applicant | |
| 2.* | State whether proprietorship/ Partnership/ company | |
| 3. | Complete Postal Address | |
| 4. | Pincode | |
| 5. | Mobile Phone No | |
| 6. | Land Phone No | |
| 7. | E-mail ID | |
| 8.* | Shop/Establishment Reg.No | |
| 9.* | GST No. & Date | |
| 10.* | PAN No | |
| 11. | Name of Bank | |
| 12. | Branch | |
| 13. | Bank Account Number | |
| 14. | IFSC Code | |
| 15.* | Drug license No. for whole sale of pharma products (If any) | |
| 16.* | Experience in the field of distribution of pharma products (Years) | |
| 17. | Products presently dealing, with name of manufacturers | |

| | | |
|---|---|---|
| 18. | Present Area of distribution | |
| 19. | No.of Retailers at present | |
| 20. | No.of Sales personnel at present | |
| 21. | No.of Vehicles | |
| 22.* | Details of Godown location | |
| 23.* | Annual Turn over for 2019-20, 2020-21 | |
| 24. | Minimum quantity salable per month- Nos. | |
| | 5 Ltr | |
| | 500ml | |
| | 200ml | |
| | 100ml | |
| | 50ml | |
| 25. | Expected Dealer Commission (Percentage of MRP) | |

1. For items marked * Please attach copy of documents as proof.
2. For proof of turnover attach copy of audited accounts/certificate issued by a Chartered Accountant, and also Income tax returns for 2018-19, 2019-20.

Place :

Office Seal

Signature of the Applicant

Date :

**DECLARATION ***

I,................owner/MD/Partner of ..........................hereby declare that I/my/our organization has not been .......... convicted for any offence under Drugs and Cosmetics Act or any other Act prevailing in India and/or no cases in relation to sale/distribution of pharma products or any other products is pending against me/our organization.

Place : Signature of Applicant

Date :

*To be typed on letter head.

**വിതരണക്കാരുടെ നിയമനവുമായി സംബന്ധിച്ച പൊതു വിവരങ്ങൾ :**

1. കേരളത്തിലെ എല്ലാ ജില്ലകളിലുമാണ് വിതരണക്കാരെ നിയമിക്കുവാൻ ഉദ്ദേശിക്കുന്നത് കണ്ണൂർ ജില്ലയിൽ തലശ്ശേരി, കണ്ണൂർ, തളിപ്പറമ്പ്, പയ്യന്നൂർ, ഇരിട്ടി എന്നീ താലൂക്ക് അടിസ്ഥാനത്തിലും മറ്റു സ്ഥലങ്ങളിൽ ജില്ലാ/പ്രാദേശിക അടിസ്ഥാനത്തിലും ആയിരിക്കും വിതരണക്കാരെ നിയമിക്കുക.
2. അപേക്ഷകർ അവർ വിതരണം ചെയ്യാനുദ്ദേശിക്കുന്ന പ്രദേശങ്ങൾ ജില്ല, താലൂക്ക്, മുനിസിപ്പാലിറ്റി എന്നിവ അപേക്ഷയിൽ വ്യക്തമാക്കേണ്ടതാണ്. ജില്ലാടിസ്ഥാനത്തിൽ ആണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.
3. അപേക്ഷകർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ
   i. നിലവിൽ സാധുവായ GST രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.
   ii. ഫാർമസ്യൂട്ടിക്കൽ കമ്പനികളുടെ അംഗീകൃത മൊത്ത വിതരണ രംഗത്ത് കുറഞ്ഞത് 2 വർഷത്തെ പരിചയം.
   iii. കഴിഞ്ഞ രണ്ടു വർഷത്തിൽ (2019-20, 2020-21) ശരാശരി 25 ലക്ഷം രൂപയുടെ വിറ്റുവരവ് ഉണ്ടായിരിക്കേണ്ടതാണ്.
   iv. ആവശ്യകതയ്ക്ക് അനുസരിച്ചുള്ള സാനിറ്റൈസറുകൾ സ്റ്റോക്ക് ചെയ്യുന്നതിനുള്ള ഗോഡൗൺ സൗകര്യം ഉണ്ടായിരിക്കേണ്ടതാണ്.
   v. ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ആക്ട് പ്രകാരമോ മറ്റേതെങ്കിലും നിയമമനുസരിച്ചോ ഉള്ള കുറ്റ കൃത്യങ്ങൾക്ക് ശിക്ഷിക്കപ്പെടാത്തവർ ആയിരിക്കണം. സ്വയം സാക്ഷ്യപ്പെടുത്തിയ സത്യപ്രസ്താവന അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
4. കമ്പനി നിലവിൽ 50 ml, 100 ml, 200 ml, 500 ml, 5 ltr എന്നീ പാക്കിംഗുകളിലായിരിക്കും സാനിറ്റൈസറുകൾ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ അപേക്ഷകനും ഓഫർ ചെയ്യുന്ന മാസ വിൽപ്പനയുടെ മിനിമം അളവ് (Minimum Assured Quantity) ഓരോ പാക്കിംഗിന്റെയും അപേക്ഷയിൽ പ്രത്യേകം കാണിക്കേണ്ടതാണ്.
5. വിതരണക്കാർ ഉദ്ദേശിക്കുന്ന ചുരുങ്ങിയ ഡീലർ കമ്മീഷൻ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.
6. തിരഞ്ഞെടുക്കപ്പെടുന്ന വിതരണക്കാരന് കമ്പനി നിയമന ഉത്തരവ് നൽകുന്നതും ഇതുമായി സംബന്ധിച്ച കരാറിൽ ഒപ്പു വെക്കേണ്ടതുമാണ്.
7. അപേക്ഷകൾ ജില്ലാടിസ്ഥാനത്തിൽ പരിഗണിച്ച് ജില്ലയിൽ ഏറ്റവും കുറഞ്ഞ ഡീലർ കമ്മീഷൻ quote ചെയ്യുന്ന വ്യക്തി/സ്ഥാപനത്തിനായിരിക്കും വിതരണാവകാശം നൽകുക.
8. നിയമിക്കപ്പെടുന്ന വിതരണക്കാർ കരാർ ഒപ്പിടുന്നതിനു മുമ്പായി സെക്യൂരിറ്റി ഡിപ്പോസിറ്റായി 10,000 രൂപ ( പതിനായിരം രൂപ) കമ്പനിയിൽ അടക്കേണ്ടതാണ്.
9. കമ്പനിയുമായുള്ള കരാർ ക്യാൻസലാകുന്ന മുറയ്ക്ക് (ഏതെങ്കിലും തരത്തിലുള്ള കരാർ ലംഘനം ഒഴികെയുള്ള സാഹചര്യങ്ങളിൽ) സെക്യൂരിറ്റി തുക തിരിച്ചു നൽകുന്നതാണ്.
10. സെക്യൂരിറ്റി ആയി നൽകുന്ന തുകയ്ക്ക് കമ്പനി പലിശ നൽകുന്നതല്ല.
11. വിതരണക്കാരൻ നൽകുന്ന ഓരോ ഓർഡറിന്റെയും കൂടെ ഓർഡർ വില മുൻകൂറായി നൽകേണ്ടതാണ്.
12. ഓർഡർ ഫോമും ആയതിന്റെ തുകയും കമ്പനിയിൽ ലഭിച്ച് 2 ദിവസത്തിനകം ഓർഡർ പ്രകാരമുള്ള സാനിറ്റൈസർ വിതരണം ചെയ്യുന്നതാണ്.
13. കൊറിയർ/ പാർസൽ ബന്ധപ്പെട്ട ഓഫീസിൽ നിന്നും സ്വീകരിക്കാനുള്ള ഉത്തരവാദിത്തം വിതരണക്കാർക്കായിരിക്കും.
14. വിതരണക്കാർ നിർദ്ദേശിച്ച സ്റ്റോക്ക് പോയിന്റിലോ അല്ലെങ്കിൽ ആവശ്യപ്പെടുന്ന സ്ഥലത്തോ ഏതാണോ കമ്പനിക്ക് കുറഞ്ഞ ദൂരം എന്നതിനനുസരിച്ചായിരിക്കും സാനിറ്റൈസർ വിതരണം ചെയ്യുക. വിതരണക്കാർക്ക് ആവശ്യമെങ്കിൽ യൂണിറ്റിൽ നിന്ന് നേരിട്ട് വാങ്ങാവുന്നതാണ്.

15. വിതരണക്കാർ സാനിറ്റൈസർ ഇറക്കേണ്ട സാഹചര്യം വന്നാൽ സ്വന്തം ചെലവിൽ ഇറക്കേണ്ടതാണ്. ഇറക്കു കൂലിയിനത്തിൽ യാതൊരു വിധ ചെലവുകളും കമ്പനി വഹിക്കുന്നതല്ല,
16. ഓരോ പ്രദേശത്തെയും ചില്ലറ വിൽപ്പനക്കാർക്ക് സാനിറ്റൈസർ വിതരണം ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം അതത് പ്രദേശത്തെ അംഗീകൃത വിതരണക്കാർക്കായിരിക്കും.
17. നിയമിക്കപ്പെടുന്ന ഓരോ വിതരണക്കാരും അവരവർക്ക് അനുവദിച്ച അധികാര പരിധിക്കുള്ളിൽ ഉള്ള പ്രദേശത്തിൽ മാത്രമെ വിതരണം ചെയ്യാൻ അനുവാദമുണ്ടായിരിക്കുകയുള്ളൂ.
18. വിതരണക്കാരന് അനുവദിച്ച പ്രദേശത്തിന്റെ പരിധിക്കുള്ളിൽ മാത്രമേ സാനിറ്റൈസർ എത്തിച്ചു കൊടുക്കുകയുള്ളൂ.
19. സർക്കാർ - പൊതുമേഖലാ സ്ഥാപനങ്ങളിൽ കമ്പനി നേരിട്ട് വിതരണം ചെയ്യുന്നതാണ്.
20. മതിയായ കാരണം കൂടാതെ തുടർച്ചയായി മൂന്നു മാസം ഓഫർ ചെയ്യുന്ന മിനിമം വിൽപ്പനയിൽ (ആകെ അളവിൽ) കുറവു സംഭവിക്കുകയാണെങ്കിൽ വിതരണാവകാശം ക്യാൻസൽ ചെയ്യുന്നതിനും പുതിയ വിതരണക്കാരനെ നിയമിക്കുന്നതിനും കമ്പനിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
21. അപേക്ഷകൾ സ്വീകരിക്കാനും നിരസിക്കാനുമുള്ള ഉത്തരവാദിത്വം പൂർണ്ണമായും കമ്പനിയിൽ നിക്ഷിപ്തമാണ്.
22. നിയമനം സംബന്ധിച്ച കമ്പനിയുടെ തീരുമാനം അന്തിമമായിരിക്കും.

അപേക്ഷകന്റെ ഒപ്പ്:

പേര്:

വിലാസം: